പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1747 — 06.03.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യുടെ ദിനംപ്രതിയുള്ള നഷ്ടം

| ചോദ്യം<br>ശ്രീ. പുരുഷൻ കടലുണ്ടി | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യുടെ ദിനംപ്രതിയുള്ള നഷ്ടം കുറച്ചുകൊണ്ടു വരാനുള്ള എന്തെങ്കിലും കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അറിയിക്കാമോ? | (എ) | ഉണ്ട്.<br>കെ.എസ്.ആർ.ടി.സി.യെ ശാക്തീകരിക്കാനായി പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന 1000 ബസുകൾ അടുത്ത 5 വർഷം കൊണ്ട് നിരത്തിലിറക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന ബസുകൾ നിരത്തിലിറക്കുന്നതിനുള്ള ആദ്യ ഗഡുവായി 50 കോടി രൂപയാണ് പ്രതീക്ഷിക്കുന്ന ചെലവ്. അഞ്ചു വർഷം കൊണ്ട് ഭൂരിഭാഗം ബസുകളും സി.എൻ.ജി. ഇന്ധനത്തിലേക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്. ബസ് സ്റ്റാൻഡുകളെ ആധുനികവത്കരിക്കുകയും വരുമാന ദായകമാക്കുകയും ചെയ്യുന്നതാണ്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദന ക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക്ഡൗണുകൾ, അപകടങ്ങൾ എന്നിവ കുറയ്ക്കുന്നതിനും സമയബന്ധിത കർമ്മ പരിപാടി തയ്യാറാക്കുന്നതാണ്. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അഞ്ചോ അതിലധികമോ കെ.എം.പി.എൽ ലഭിക്കുന്ന ഡ്രൈവർമാർക്ക് 100 രൂപ 01.02.2017 മുതൽ പ്രതിദിന ഇൻസെന്റീവ് നല്കിവരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി. സ്റ്റാഫ് ട്രെയിനിംഗ് സെന്ററുകൾ കേന്ദ്രീകരിച്ച് പരിശീലന |

| | | | |
|---|---|---|---|
| | | | പരിപാടികൾ നടത്തിവരുന്നു. മെയിന്റനൻസിനായി നിരത്തിൽ നിന്നും ബസുകൾ പകൽ സമയം പിൻവലിക്കുന്നത് മൂലം കോർപ്പറേഷന് നഷ്ടം സംഭവിച്ചു വരുന്നതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ എല്ലാ തരം റിപ്പയറുകളും, മെയിന്റനൻസുകളും രാത്രികാലങ്ങളിൽ നടത്തുവാൻ ആരംഭിച്ചു കഴിഞ്ഞു. |
| (ബി) | ലാഭകരമായ റൂട്ടുകൾ ദേശസാത്കരിക്കാൻ ആലോചിക്കുന്നുണ്ടോ? | (ബി) | ഇല്ല. |
| (സി) | കോഴിക്കോട് ജില്ലയിൽ എത്ര സർവ്വീസുകൾ പുതുതായി ആരംഭിച്ചിട്ടുണ്ടെന്നും ഏതെങ്കിലും സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ടോയെന്നും അറിയിക്കാമോ? | (സി) | കോഴിക്കോട് ജില്ലയിൽ പുതുതായി ആരംഭിച്ച സർവ്വീസുകളുടെ വിവരം ചുവടെ ചേർക്കുന്നു. സർവ്വീസുകൾ ഒന്നും നിർത്തലാക്കിയിട്ടില്ല.<br>**കെ.യു.ആർ.ടി.സി. സർവ്വീസുകൾ**<br>1. താമരശ്ശേരി - കൊയിലാണ്ടി - മഞ്ചേരി<br>2. താമരശ്ശേരി - കൊയിലാണ്ടി - പെരിന്തൽമണ്ണ<br>3. താമരശ്ശേരി - കോഴിക്കോട് - കുറ്റിയാടി<br>4. താമരശ്ശേരി - കൊയിലാണ്ടി - കണ്ണൂർ<br>5. താമരശ്ശേരി - കൊയിലാണ്ടി - അരീക്കോട്<br>6. തൊട്ടിപ്പാലം - വടകര (5 സർവ്വീസുകൾ)<br>7. കോഴിക്കോട് - കൂരാച്ചുണ്ട്<br>**കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ**<br>1. തൊട്ടിപ്പാലം - കുമളി<br>2. കോഴിക്കോട് - തിരുവനന്തപുരം<br>3. കോഴിക്കോട് - കടലുണ്ടികടവ്<br>4. വടകര - ചെറുവണ്ണൂർ - മെഡിക്കൽ കോളേജ് |

സെക്ഷൻ ഓഫീസർ